കാരുണ്യ ബെനവലന്റ് പദ്ധതിയിലേക്ക് കാരുണ്യ ഭാഗ്യക്കുറി വിറ്റു വരവിൽനിന്നും തുക

168 (6619) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് പദ്ധതി നടപ്പിൽ വന്നതിനുശേഷം കാരുണ്യ ഭാഗ്യക്കുറി വിറ്റുവരവിൽ നിന്നും ഇതേവരെ എത്ര തുക അതിലേക്ക് മാറ്റിയിട്ടുണ്ടെന്ന് പറയാമോ ;

(ബി) ഇത്രയും വലിയ സർക്കാർ ഫണ്ട് കൈകാര്യം ചെയ്യുന്നതിന് ഈ പദ്ധതിയുമായി ബന്ധപ്പെട്ട ആഫീസിൽ സ്ഥിരം സർക്കാർ സർവ്വീസിലുള്ള ജീവനക്കാർ എത്ര പേരുണ്ടെന്നും, കരാർ-താൽക്കാലികാടിസ്ഥാനത്തിൽ എത്ര പേരുണ്ടെന്നും തസ്തിക തിരിച്ച് പറയാമോ ;

(സി) ഇപ്പോൾ ഭാഗ്യക്കുറി വകുപ്പിൽ നിന്നും വേതനമില്ലാതെ ഏതെങ്കിലും ഉദ്യോഗസ്ഥൻ ഈ ആഫീസിന്റെ ചുമതലയിൽ ജോലി ചെയ്യുന്നുണ്ടോ ;

(ഡി) കരാർ-താൽക്കാലിക ജീവനക്കാരെക്കൊണ്ട് ഇത്രയും വലിയ സംഖ്യയുടെ ദൈനംദിന ഇടപാടുകൾ നടത്തിക്കുന്നത് ഉചിതമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഇ) എങ്കിൽ കരാർ-താൽക്കാലിക ജീവനക്കാർക്ക് പകരം സ്ഥിരം ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിച്ച് പദ്ധതി കാര്യക്ഷമതയോടെ നടത്തുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് പദ്ധതി നടപ്പിൽ വന്നതിനുശേഷം കാരുണ്യ ഭാഗ്യക്കുറിയുടെ വിറ്റുവരവിൽ നിന്നും ഇതുവരെ ഏകദേശം 306.67 കോടിരൂപ അറ്റാദായമായി ലഭിച്ചിട്ടുണ്ട്. അറ്റാദായത്തിനു പുറമേ ഏകദേശം 29 കോടിരൂപ കൂടി അനുവദിച്ചതുൾപ്പെടെ കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് ഇതുവരെ 335 കോടിരൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(ബി) കാരുണ്യ ബെനവലന്റ് പദ്ധതി ആഫീസിൽ കാരുണ്യ ബെനവലന്റ് പദ്ധതി നോഡൽ ഓഫീസർ (ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ലോട്ടറീസ് ഡയറക്ട്രേറ്റ്) ആണ് സർക്കാർ സർവ്വീസിലുള്ള ജീവനക്കാരനായുള്ളത്.

പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കരാർ-താല്ക്കാലികാടിസ്ഥാനത്തിൽ ഉള്ളവരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഭാഗ്യക്കുറി വകുപ്പിൽനിന്നും ജോയിന്റ് ഡയറക്ടർ തസ്തികയിലുള്ള ഉദ്യോഗസ്ഥൻ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ നോഡൽ ഓഫീസറായി പ്രവർത്തിച്ചുവരുന്നു. ജില്ലാതലത്തിൽ ജില്ലാ ലോട്ടറി ഓഫീസർ ഫണ്ടിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി&ഇ) സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി ചെയർമാനായുള്ള സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിധേയമായിട്ടാണ് കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീം പ്രവർത്തിക്കുന്നത്. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ അഡ്മിനിസ്ട്രേറ്റർ, സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഡയറക്ടറാണ്. കൂടാതെ ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഭാഗ്യക്കുറി വകുപ്പിൽനിന്നും ജോയിന്റ് ഡയറക്ടർ തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥനെ കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ കമ്മിറ്റിയുടേയും ഉദ്യോഗസ്ഥരുടെയും മേൽനോട്ടത്തിലാണ് കാരുണ്യ ബെനവലന്റ് സ്കീം മുഖേന ചികിത്സാ ധനസഹായം അനുവദിക്കുന്നത്. കൂടാതെ ജില്ലാതലത്തിൽ ജില്ലാ ലോട്ടറി ഓഫീസർ ഫണ്ടിന്റെ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നുണ്ട്.

കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനുവേണ്ടി, താഴെപ്പറയുന്ന തസ്തികകൾ (ഒരു വർഷത്തേക്ക്) സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

1.	ഫിനാൻസ് ഓഫീസർ	–	1
2.	ഡിസ്ട്രിക്ട് ലോട്ടറി ഓഫീസർ	–	1
3.	ജൂനിയർ സൂപ്രണ്ട്	–	1
4.	ലോവർ ഡിവിഷൻ ക്ലാർക്ക്	–	2

സംസ്ഥാനത്തിന് പുറമെയുള്ള ആശുപത്രികളിലെ ചികിത്സ

169 (6620) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് പുറമെയുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതിയിൽ നിന്ന് സാമ്പത്തിക സഹായം അനുവദിക്കാറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ ആശുപത്രികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദാംശം നൽകാമോ ;

(സി) ഇല്ലെങ്കിൽ പുറമെയുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് കൂടി സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) നിലവിൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുവാൻ വ്യവസ്ഥയില്ല. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പരിമിതമായ പദ്ധതി നടത്തിപ്പ് സംവിധാനത്തിൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രിയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly